"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ അസിസ്റ്റന്റായി സേവനമനുഷ്ഠിക്കുന്ന ശ്രീ.വൈ.പ്രവീൺദാസിന്റെ അന്യത്ര സേവനകാലാവധി ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഎം) വകുപ്പ്**

**സ.ഉ.(സാധാ) നം.1441/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 03/08/2020**

---

പരാമർശം:- 1 22/06/2018 ലെ ജി.ഒ.(ആർ.ടി) നം. 1697/2018/തസ്വഭവ. ഉത്തരവ്
2 05/07/2019- ലെ ജി.ഒ.(ആർ.ടി) നം. 1379/2019/തസ്വഭവ. ഉത്തരവ്
3 22/06/2020- ലെ സംസ്ഥാന ഇലക്ഷൻ കമ്മീഷൻ സെക്രട്ടറിയുടെ എസ്.ഇ.സി/513/2018/എ1 നം. കത്ത്.

**ഉത്തരവ്**

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ പരാമർശം(1)-ലെ സർക്കാർ ഉത്തരവ് പ്രകാരം അസിസ്റ്റന്റായി സേവനമനുഷ്ഠിക്കുന്ന മലപ്പുറം ജില്ലയിലെ കല്പകഞ്ചേരി ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ളാർക്കായ ശ്രീ.വൈ.പ്രവീൺദാസിന്റെ അന്യത്ര സേവനകാലാവധി പരാമർശം (2)-ലെ ഉത്തരവ് പ്രകാരം ദീർഘിപ്പിച്ചു നൽകിയിട്ടുള്ളതാണ്. പ്രസ്തുത കാലാവധി 25/06/2020 ൽ അവസാനിക്കുകയാണെന്നും 26/06/2020 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് നൽകണമെന്നും പരാമർശം (3)-ലെ കത്ത് പ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി ആവശ്യപ്പെടുകയുണ്ടായി. ശ്രീ.വൈ.പ്രവീൺദാസിന്റെ അന്യത്രസേവന കാലാവധി 26/06/2020 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതിന് പഞ്ചായത്ത് വകുപ്പിന് ആക്ഷേപമില്ലെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ അസിസ്റ്റന്റായി സേവനമനുഷ്ഠിക്കുന്ന, മലപ്പുറം ജില്ലയിലെ കല്പകഞ്ചേരി ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ളാർക്കായ ശ്രീ.വൈ.പ്രവീൺദാസിന്റെ അന്യത്ര സേവനകാലാവധി 26/06/2020 മുതൽ ഒരു വർഷത്തേക്കു കൂടി, നിലവിലുള്ള അന്യത്ര സേവന വ്യവസ്ഥകൾക്ക് വിധേയമായി, ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുനിത ഐ
ഡെപ്യൂട്ടിസെക്രട്ടറി

സെക്രട്ടറി, സംസ്ഥാന ഇലക്ഷൻ കമ്മീഷൻ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ശ്രീ. പ്രവീൺദാസ്. വൈ. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

പബ്ളിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / ഏ& ഇ) തിരുവനന്തപുരം.
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്.
ഓഫീസ് കോപ്പി/ കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ